# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1353 — 04.12.14 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഭക്ഷ്യ സുരക്ഷാ പദ്ധതി എന്ന് നടപ്പിലാകും എന്ന കാര്യം അറിയിക്കുമോ; | (എ) 17.09.14 ലെ സ.ഉ.(കൈ)നം.39/14/ഭ.സി.സ.വ പ്രകാരം 2014 നവംബർ 1 മുതൽ താൽക്കാലികമായി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ ? | (ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർവൽക്കരണം, മൊത്ത/ചില്ലറ വ്യാപാര ശാലകൾക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിലവിലെ റേഷൻകാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ., സ.ഉ(കൈ) നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ |

അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്‌വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു.

മൊത്ത/ചില്ലറ വ്യാപാര സ്ഥാപന ങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കു-ന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന-തിന് എൻ.ഐ.സി.യുടെ സഹായത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ കേരളത്തിന്റെ റേഷൻ അലോട്ട്മെന്റ് 16 ലക്ഷം ടണ്ണായി കിട്ടുക, ഡോർ ടു ഡോർ ഡെലിവറിക്ക് കേന്ദ്രസഹായം ലഭ്യമാക്കുക, ധർമ്മ സ്ഥാപനങ്ങളുടെ അലോട്ട്മെന്റ് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഈ നിയമം നടപ്പിലാക്കുമ്പോൾ ലഭ്യമാക്കണ മെന്ന് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ